# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12-07-2016-ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 1038**

## നാളികേര വികസന പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുള്ള | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) ഒട്ടേറെ കേരകർഷകരുള്ള കുറ്റ്യാടി യിലും പരിസരത്തും തേങ്ങയുടെ ഉൽപാദനം, സംസ്ക്കരണം, വിപണനം എന്നിവ ലക്ഷ്യംവെച്ച് സർക്കാർ നാളികേര വികസന പാർക്ക് ആരംഭിച്ച കാര്യം ശ്രദ്ധയിലുണ്ടോ ; | (എ) കുറ്റ്യാടിയിൽ നാളികേര വികസന പാർക്ക് ആരംഭിക്കുന്നതിനു വേണ്ടി കെ.എസ്.ഐ.ഡി.സി മുഖേന സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ വർഷങ്ങളായി ഇത് പ്രവർത്തനരഹിതമായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;<br>(സി) ഇതിന്റെ പ്രവർത്തനത്തിന് വിഘാതമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് വിശദ മാക്കാമോ ;<br>(ഡി) ഇതിനെ പ്രവർത്തനസജ്ജമാക്കി കേരകർഷകരുടെ വർഷങ്ങളായുള്ള ആവശ്യത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ; വിശദാംശ ങ്ങൾ നൽകാമോ ? | (ബി) (സി) & (ഡി) നിർദ്ദിഷ്ട കുറ്റ്യാടി നാളികേര പാർക്കിനു വേണ്ടി കണ്ടെത്തി ഏറ്റെടുത്ത സ്ഥലം വികസിപ്പിക്കാൻ കെ.എസ്.ഐ.ഡി.സി. സമർപ്പിച്ച രൂപരേഖ അനുസരിച്ച് 42 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകുകയും തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ നിർദ്ദിഷ്ട കുറ്റ്യാടി നാളികേര പാർക്കിനു വേണ്ടി കെ.എസ്.ഐ.ഡി.സി ഉഭയസമ്മതവില പ്രകാരം ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് സ്ഥലം ഉടമ ഉയർന്ന കോമ്പൻസേഷനുവേണ്ടി ഹൈക്കോടതി യിൽ റിറ്റ് പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി 07.10.2015ന് സ്ഥലം ഉടമയ്ക്ക് ഉയർന്ന നഷ്ടപരിഹാരം നൽകുവാൻ വിധി പ്രസ്താവിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ സെക്ഷൻ 11(1) എൽ.എ.ആക്ട് അനുസരിച്ച് മൂന്നു മാസത്തിനകം വീണ്ടും നടത്തുവാൻ കോടതി നിർദ്ദേശിച്ചു. ഈ വിധിക്കെതിരെ സർക്കാരും, കെ.എസ്.ഐ.ഡി.സിയും അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കോടതിയിൽ കേസ് നിലവിലുള്ളതിനാൽ നാളികേര പാർക്ക് നിർമാണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരി ക്കുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ